# ഉമ്മൻ ചാണ്ടി ഒരു അത്ഭുത പ്രതിഭാസം

ജസ്റ്റീസ് സിറിയക് ജോസഫ്

1. കേരള ചരിത്രത്തിലെ ഏറ്റവും മികച്ച പൊതുജനസേവകരിൽ ഒരാളായ ശ്രീ.ഉമ്മൻ ചാണ്ടി ഒരു അത്ഭുത പ്രതിഭാസമാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമനിർമ്മാണ സഭയിലെ പൂജാരിമാരാണ് നിയമസഭാ സാമാജികർ. ജനങ്ങളാണ് ആ ശ്രീകോവിലിലെ പ്രതിഷ്ഠ. ഒരു പൂജാനുഷ്ഠാനത്തിന്റെ വിശുദ്ധിയോടും അർപ്പണ മനോഭാവത്തോടും കൂടി 1970 മുതൽ അമ്പത്തിമൂന്നു വർഷങ്ങൾ തുടർച്ചയായി കേരള നിയമസഭാംഗമായി പ്രവർത്തിച്ച ശ്രീ.ഉമ്മൻ ചാണ്ടി പാർലമെന്ററി പ്രവർത്തനരംഗത്ത് അപൂർവ റെക്കോർഡിനുടമയാണ്. ഒരേ നിയോജകമണ്ഡലത്തിൽനിന്ന്, ഒരിക്കലും തോൽക്കാതെ, തുടർച്ചയായി പന്ത്രണ്ട് തെരഞ്ഞെടുപ്പുകളിൽ വിജയിച്ച്, എം.എൽ.എ.യും, മന്ത്രിയും, പ്രതിപക്ഷ നേതാവും, മുഖ്യമന്ത്രിയുമായി സുദീർഘമായ അമ്പത്തിമൂന്നു വർഷങ്ങൾ മികച്ച പൊതുജന സേവനം നടത്തിയത് ഇന്ത്യയിൽ ശ്രീ.ഉമ്മൻ ചാണ്ടി മാത്രം. സമാനതകളില്ലാത്ത ആ മികച്ച സേവനം അംഗീകാരവും ആദരവും അർഹിക്കുന്നു.

2. ശ്രീ.ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയ ജീവിതം ഒരു സമർപ്പിത ജീവിതമായിരുന്നു. രാജ്യത്തിനും ജനങ്ങൾക്കും വേണ്ടി സമർപ്പിക്കപ്പെട്ട നിസ്വാർത്ഥ ജീവിതം. അദ്ദേഹത്തിന്റെ പത്നി ശ്രീമതി.മറിയാമ്മയുടെ വാക്കുകളിൽ, ഉമ്മൻ ചാണ്ടിയുടെ ഒന്നാം

ഭാര്യ പുതുപ്പള്ളിയും, രണ്ടാം ഭാര്യ കേരളവും, മൂന്നാം ഭാര്യ കോൺഗ്രസ്സും, നാലാം ഭാര്യ മറിയാമ്മയുമാണ്. തന്റെ നിയോജകമണ്ഡലമായ പുതുപ്പള്ളിയേയും അവിടുത്തെ ജനങ്ങളേയും വിട്ടു നിൽക്കുന്നതിനേക്കുറിച്ച് ചിന്തിക്കാൻപോലും കഴിയാത്തതുകൊണ്ടാണ് ദേശീയ രാഷ്ട്രീയത്തിലേക്കു പോകാതിരുന്നതെന്ന് ശ്രീ.ഉമ്മൻ ചാണ്ടി തന്നെ പറഞ്ഞിട്ടുണ്ട്. സ്വന്തം നാടിനോടും നാട്ടുകാരോടുമുള്ള ഈ ഹൃദയബന്ധം അദ്ദേഹത്തെ എന്നും പുതുപ്പള്ളിക്കാരുടെ പ്രിയപ്പെട്ട കുഞ്ഞൂഞ്ഞായിരിക്കാൻ സഹായിച്ചു. പാർട്ടി പ്രവർത്തകർക്ക് 'ഓ.സി' യും, മറ്റുള്ളവർക്ക് ഉമ്മൻ ചാണ്ടി സാറും ആയി വളർന്നിട്ടും കേരളത്തിലെ ഏറ്റവും ജനപ്രിയ രാഷ്ട്രീയ നേതാവായ ഉമ്മൻ ചാണ്ടിക്ക് പുതുപ്പള്ളിയും, പുതുപ്പള്ളിയിലെ ജനങ്ങളും തീവ്രമായ ഒരു വികാരമായിരുന്നു. കെട്ടിപ്പിടിച്ച്, തോളിൽ കൈയ്യിട്ട്, പുറത്തു തട്ടി, വെളുക്കെ ചിരിച്ച്, വർത്തമാനം പറഞ്ഞതുകൊണ്ടുമാത്രം ഉണ്ടായതല്ല ഈ ഹൃദയ ബന്ധം. കാറ്റിനും, മഴക്കും, കാലത്തിനും മായ്ക്കാനാവാത്ത ആത്മബന്ധമാണത്.

3. പുതുപ്പള്ളിക്കാരുടെ പൊന്നോമനയായ ഉമ്മൻ ചാണ്ടി ജനിച്ചത് കുമരകത്താണ്. പുതുപ്പള്ളി വള്ളക്കാലിൽ കെ.ഒ.ചാണ്ടിയുടേയും കുമരകം ഒരുവട്ടിത്തറ ബേബിയുടേയും രണ്ടാമത്തെ സന്തതിയായി ഉമ്മൻ ചാണ്ടി പിറന്നത് 1943 ഒക്ടോബർ 31-ന് കുമരകത്തെ അമ്മവീട്ടിലാണ്. അങ്ങാടി എം.ഡി.എൽ.പി. സ്കൂളിലും, പുതുപ്പള്ളി സെന്റ്.ജോർജ് ഗവണ്മെന്റ് ഹൈസ്കൂളിലും പഠിച്ചശേഷം കോട്ടയം സി.എം.എസ്.

കോളേജിൽ പ്രീയൂണിവേഴ്സിറ്റിക്കും ചങ്ങനാശ്ശേരി എസ്.ബി.കോളേജിൽ ബി.എ. ഡിഗ്രിക്കും എറണാകുളം ലോകോളേജിൽ ബി.എൽ.ഡിഗ്രിക്കും പഠിച്ചു. ബി.എ. ബി.എൽ. ബിരുദങ്ങൾ നേടിയെങ്കിലും തൻെറ പ്രവർത്തനമേഖല രാഷ്ട്രീയ പ്രവർത്തനമാണെന്ന് ഉമ്മൻ ചാണ്ടി തിരിച്ചറിഞ്ഞു. അദ്ധ്യാപകനും, സ്കൂൾ മാനേജരും ആയിരുന്ന പിതാവ് വള്ളക്കാലിൽ വി.ഒ.ചാണ്ടിയുടെയും സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തകനും ശ്രീമൂലം പ്രജാസഭയിൽ അംഗവുമായിരുന്ന പിതാമഹൻ വള്ളക്കാലിൽ വി.ജെ.ഉമ്മൻറേയും പാരമ്പര്യം ഉമ്മൻ ചാണ്ടിക്ക് പൊതുജന സേവനത്തിനുള്ള ആവേശവും പ്രചോദനവും നൽകിയിരിക്കണം.

4. വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ സംഘടനാ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത് നേതൃത്വ ഗുണങ്ങൾ വളർത്തിയെടുത്ത ഉമ്മൻ ചാണ്ടി പടിപടിയായി ഉയർന്ന് കേരള മുഖ്യമന്ത്രിയും എ.ഐ.സി.സി. ജനറൽ സെക്രട്ടറിയുമായി. അഖിലകേരള ബാലജനസഖ്യം പ്രസിഡൻറ്,, കെ.എസ്.യു. സംസ്ഥാന പ്രസിഡൻറ്, യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡൻറ്, എം.എൽ.എ., പ്രതിപക്ഷനേതാവ്, മന്ത്രി, മുഖ്യമന്ത്രി എന്നീ നിലകളിലെല്ലാം ഭരണ പ്രാഗൽഭ്യവും നേതൃത്വ മികവും തെളിയിച്ച ഉമ്മൻ ചാണ്ടിയുടെ നിയമസഭാ ജീവിതത്തിൻറെ സുവർണ്ണജൂബിലി ആഘോഷം കേരളനിയമസഭാ ചരിത്രത്തിലെ ഒരു അപൂർവ സംഭവമായിരുന്നു.

5. ആൾക്കൂട്ടത്തിലെത്തിയ ഉമ്മൻ ചാണ്ടി കയത്തിലിറങ്ങിയ കന്നിനെപ്പോലെയാണെന്നു സഹപ്രവർത്തകർ പറയാറുണ്ട്.

കയത്തിൽനിന്നു കന്നിനെ തിരുച്ചുകയറ്റുന്നതിലും ബുദ്ധിമുട്ടാണ് ഉമ്മൻ ചാണ്ടിയെ ആൾക്കൂട്ടത്തിൽനിന്നു തിരിച്ചു കിട്ടുകയെന്നത്. ജനങ്ങൾക്കൊപ്പമായിരിക്കുന്നതിനേക്കാൾ ആഹ്ലാദകരമായ ഒന്നും അദ്ദേഹത്തിന്റെ ജീവിതത്തിലില്ല. ഈ ജനകീയതയുടെ തിളക്കത്തിൽ, ഉമ്മൻ ചാണ്ടിയെന്ന സംഘാടകന്റെയും, നിയമസഭാ സാമാജികന്റെയും, പ്രതിപക്ഷ നേതാവിന്റെയും, മന്ത്രിയുടെയും, മുഖ്യമന്ത്രിയുടെയും ഉജ്ജ്വലപ്രകടനവും മികച്ച പ്രവർത്തനവും പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോയിട്ടുണ്ട്. എന്നാൽ പ്രസ്തുത മേഖലകളിലെ അദ്ദേഹത്തിന്റെ മികവും നേട്ടങ്ങളും നിയമസഭാ സ്പീക്കർമാരും, സഹമന്ത്രിമാരും, വ്യത്യസ്ത രാഷ്ട്രീയ നേതാക്കളും, ദേശീയ നേതാക്കളും, മാധ്യമപ്രവർത്തകരും സുവർണ്ണ ജൂബിലി വേളയിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. നിരവധി ദേശീയ-അന്തർദേശീയ അംഗീകാരങ്ങളും, പുരസ്കാരങ്ങളം അദ്ദേഹത്തിനു ലഭിച്ചിട്ടുമുണ്ട്. എങ്കിലും ശ്രീ.ഉമ്മൻ ചാണ്ടിയുടെ നേതൃത്വപാടവവും, വാഗ്മിത്വവും, ഭരണനിപുണതയും, സംഘാടകമികവും അദ്ദേഹത്തിന്റെ ജനകീയതയാൽ പലപ്പോഴും നിഷ്പ്രഭമാക്കപ്പെട്ടു.

6. തന്റെ ജീവിതത്തെ ഏറ്റവും സ്വാധീനിച്ച രണ്ടു വ്യക്തികൾ മഹാത്മാഗാന്ധിയും രാജീവ് ഗാന്ധിയുമാണെന്നു ശ്രീ.ഉമ്മൻ ചാണ്ടി പറഞ്ഞിട്ടുണ്ട്. മഹാത്മാഗാന്ധിയുടെ ലളിതജീവിതവും, ആദർശനിഷ്ഠയും, ഉദാത്തമായ ജീവിതമൂല്യങ്ങളും രാജീവ് ഗാന്ധിയുടെ വികസന കാഴ്ചപ്പാടും അദ്ദേഹം എടുത്തുപറഞ്ഞു.

അവയാൽ സ്വാധീനിക്കപ്പെട്ട ശ്രീ.ഉമ്മൻ ചാണ്ടിയുടെ സ്വഭാവവും കാഴ്ചപ്പാടുകളും മനസ്സിലാക്കാൻ കൂടുതൽ ഗവേഷണം ആവശ്യമില്ല.

7. ശ്രീ.ഉമ്മൻ ചാണ്ടിയെ തേടിയെത്തിയ അംഗീകാരങ്ങളിൽ ചിലതെങ്കിലും പരാമർശിക്കേണ്ടതുണ്ട്. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ജനസമ്പർക്ക പരിപാടി ആഗോള ശ്രദ്ധ ആകർഷിക്കുകയും United Nations Public Service Award-2013 for Preventing and Combating Corruption in the Public Service എന്ന അവാർഡിനു അദ്ദേഹത്തെ അർഹനാക്കുകയും ചെയ്തു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഔദ്യോഗിക വെബ്സൈറ്റിന് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ "Web Ratna Gold Award – 2012" ലഭിക്കുകയുണ്ടായി. വിവിധ സംസ്ഥാനങ്ങളിലെ ക്രമസമാധാന സ്ഥിതിയെക്കുറിച്ച് 2012-ൽ 'ഇന്ത്യ ടുഡെ' നടത്തിയ സർവ്വേയിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചു. ഒൻപത് സുപ്രധാന മേഖലകളിൽ IBN നടത്തിയ ദേശീയ സർവ്വേയിൽ നാലെണ്ണത്തിലും ഒന്നാമതെത്തിയ കേരളത്തിന് IBN Diamond Award ലഭിച്ചു.

8. 2004 മുതൽ 2006 വരേയും പിന്നീട് 2011 മുതൽ 2016 വരേയും രണ്ടുവട്ടം കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ശ്രീ.ഉമ്മൻ ചാണ്ടി, പ്രസംഗങ്ങളിലും പ്രഖ്യാപനങ്ങളിലും മാത്രമല്ല, പ്രവൃത്തിയിലും വികസന നായകനായി പ്രശോഭിച്ചു. ആദ്യം മുഖ്യമന്ത്രിയായപ്പോൾ, "അതിവേഗം, ബഹുദൂരം" എന്ന മുദ്രാവാക്യം (motto) സ്വീകരിച്ച് വികസനക്കുതിപ്പിനു നേതൃത്വം നല്കി. രണ്ടാംപ്രാവശ്യം മുഖ്യമന്ത്രിയായപ്പോൾ "വികസനവും കരുതലും" എന്ന മുദ്രാവാക്യം സ്വീകരിച്ച് വിവിധ പ്രോജക്റ്റുകൾ ആരംഭിക്കുകയും

നടപ്പിലാക്കുകയും ചെയ്തു. ഊണും ഉറക്കവും ഉപേക്ഷിച്ച്, സ്വന്തം ആരോഗ്യംപോലും അവഗണിച്ച്, വിശ്രമമില്ലാതെ സംസ്ഥാനം മുഴുവൻ ഓടിനടന്ന് ലക്ഷക്കണക്കിനു ജനങ്ങൾക്ക് പ്രത്യാശയും ആശ്വാസവും നൽകിയ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കരുണയുടെ കരകാണാക്കടലായും, കരുതലിന്റെ തളരാത്ത കൈത്താങ്ങായും പ്രകീർത്തിക്കപ്പെട്ടു. എന്തു സംഭവിച്ചാലും തങ്ങളോടൊപ്പം തങ്ങളുടെ മുഖ്യമന്ത്രിയുണ്ടാവുമെന്ന് ജനങ്ങൾ വിശ്വസിച്ചു. 2004-2006 കാലയളവിൽ തൊഴിലില്ലായ്മ വേതനം, മൃതസഞ്ജീവനി പ്രൊജക്ട്, ഇന്ത്യയിൽ ആദ്യമായി സ്കൂൾ സിലബസ്സിൽ ഇൻഫർമേഷൻ ടെക്നോളജി ഒരു നിർബന്ധിത വിഷയമായി ഉൾപ്പെടുത്തൽ എന്നിവ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. ഏറെ പ്രശംസനേടിയ കാരുണ്യാപദ്ധതി, അതിന്റെ ഉപജ്ഞാതാവായ ധനമന്ത്രി ശ്രീ.കെ.എം.മാണിക്കും നേതൃത്വം നൽകിയ മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടിക്കും ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിക്കൊടുത്തു. 2011-2016 വർഷങ്ങളിൽ വമ്പൻ ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടുകളുടെ നിർമ്മാണം ആരംഭിക്കുകയും, നിരവധി ജനക്ഷേമപദ്ധതികൾക്കു രൂപം നൽകുകയും ചെയ്തു. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട്, കൊച്ചി മെട്രോ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട്, സ്മാർട്ട്സിറ്റി പ്രോജക്ട് തുടങ്ങിയവ സ്മരണീയമാണ്. തിരൂരിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റിയും തിരുവനന്തപുരത്ത് എ.പി.ജെ. അബ്ദുൾ കലാം ടെക്നോളോജിക്കൽ യൂണിവേഴ്സിറ്റിയും സ്ഥാപിച്ചത് ശ്രീ.ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോളാണ്. 2012-ൽ കൊച്ചിയിൽ നടന്ന Emerging Kerala

Summit-നെ തുടർന്ന് പല പുതിയ പ്രോജക്ടുകൾക്കും രൂപം കൊടുക്കുകയും നടപ്പിലാക്കുകയും ചെയ്തു. ഇത്തരം നേട്ടങ്ങളെല്ലാം രാഷ്ട്രീയ വിവാദങ്ങൾക്കിടയിൽ വിസ്മരിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്തു. എങ്കിലും ശ്രീ.ഉമ്മൻ ചാണ്ടിയുടെ 'വികസന നായകൻ' എന്ന പ്രതിഛായ ഇന്നും നിലനിൽക്കുന്നു.

9. ഈ തിരക്കുകൾക്കിടയിലും നാല് ഗ്രന്ഥങ്ങൾ രചിക്കാൻ ശ്രീ.ഉമ്മൻ ചാണ്ടി സമയം കണ്ടെത്തി. (1) പോരാട്ടത്തിന്റെ ദിനരാത്രങ്ങൾ (2) ചങ്ങല ഒരുങ്ങുന്നു (3) കാലത്തിനൊപ്പം (4) കേരളത്തിന്റെ ഗുൽസാരി .

10. ഒരു വ്യക്തിയുടെ ജീവിതത്തിന്റെ മൂലക്കല്ല് കുടുംബമാണെന്നു കരുതുന്നയാളായിരുന്നു ശ്രീ.ഉമ്മൻ ചാണ്ടി. അങ്ങനെ എഴുതിയപ്പോൾ തന്റെ ജീവിതത്തിൽ കുടുംബം ചെലുത്തിയ സ്വാധീനം അദ്ദേഹം സൂചിപ്പിക്കുക ആയിരുന്നിരിക്കണം. കുടുംബനാഥനെന്ന നിലയിൽ കുടുംബാംഗങ്ങളുടെ പ്രതീക്ഷകൾക്കൊത്തുയരാൻ തനിക്കു കഴിഞ്ഞോ എന്നു അദ്ദേഹം സംശയിച്ചിട്ടുണ്ട്. എങ്കിലും, എല്ലാ സാഹചര്യങ്ങളോടും പൊരുത്തപ്പെടാൻ തയ്യാറുള്ള ഒരു സ്ത്രീയെ ഭാര്യയായി ലഭിച്ചതിൽ താൻ ഭാഗ്യവാനാണെന്നു തുറന്നുപറഞ്ഞിട്ടുമുണ്ട്. എന്തായാലും, ഉമ്മൻ ചാണ്ടിയിൽ സ്നേഹവും കരുതലുമുള്ള ഭർത്താവിനെ കണ്ട ശ്രീമതി മറിയാമ്മയും, വാത്സല്യമുള്ള പിതാവിനെ കണ്ട മക്കളും ഉമ്മൻ ചാണ്ടിയെ സ്മരിക്കുന്നത് തികഞ്ഞ അഭിമാനത്തോടെയാണ്.

11. 1977 മെയ് 30-നു നടന്ന ശ്രീ.ഉമ്മൻ ചാണ്ടിയുടേയും ശ്രീമതി.മറിയാമ്മയുടേയും വിവാഹം അവിശ്വസിനീയമാംവിധം ലളിതമായിരുന്നു. ആരെയും ക്ഷണിക്കാതിരുന്ന ആ വിവാഹത്തിന്റെ അറിയിപ്പ് ഇപ്രകാരമായിരുന്നു:

**" സുഹൃത്തുക്കളെ, 29-5-1977**

**മെയ് മുപ്പതിന് ഞാൻ വിവാഹിതനാവുകയാണ്. കരുവാറ്റ കുഴിത്താറ്റിൽ വീട്ടിൽ മറിയാമ്മയാണ് വധു.**

**രാവിലെ 11 മണിക്ക് പാമ്പാടി മാർ കുറിയാക്കോസ് ദയറയിൽ വച്ചാണ് വിവാഹം.**

**നേരിട്ടോ കത്തു മുഖേനയോ ആരേയും ക്ഷണിക്കുന്നില്ല. ദയവായി ഇതൊരു അറിയിപ്പായി കരുതുമല്ലൊ.**

**സ്നേഹപൂർവ്വം**

**ഉമ്മൻ ചാണ്ടി."**

ഒരു സംസ്ഥാന മന്ത്രിയുടെ വിവാഹം ഇത്രയും ലളിതമായിട്ടാണു നടന്നതെങ്കിലും അവരുടെ ധന്യമായ ദാമ്പത്യത്തിൽ മൂന്നു സന്താനങ്ങൾ ജനിച്ചു: മരിയ, അച്ചു, ചാണ്ടി. ഉമ്മൻ ചാണ്ടിയെന്ന രാക്ഷ്ട്രീയ നേതാവിന്റെ ജീവിതത്തിന്റെ മൂലക്കല്ല് മറിയാമ്മയും, മരിയയും, അച്ചുവും, ചാണ്ടിയും ഉൾപ്പെടുന്ന അദ്ദേഹത്തിന്റെ കുടുംബമായിരുന്നു.

12. ഉറച്ച ഈശ്വരവിശ്വാസിയും തികഞ്ഞ മതേതരവാദിയുമായിരുന്നു ശ്രീ.ഉമ്മൻ ചാണ്ടി. സ്വന്തം മതത്തിൽ വിശ്വസിക്കുകയും അഭിമാനിക്കുകയും ചെയ്യുമ്പോൾ തന്നെ മറ്റു മതങ്ങളെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന മഹാനായ ഒരു ഇന്ത്യൻ പൗരൻ. വേദനിക്കുന്നവരെ ആശ്വസിപ്പിക്കാനും, നിരാലംബരെ സഹായിക്കാനും, മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി

സ്വയം ത്യാഗം ചെയ്യാനും, ആരോടും ദേഷ്യപ്പെടാതെ, ആരെയും വെറുക്കാതെ, ക്ഷമിച്ചും പൊറുത്തും ജീവിക്കുന്നതിനും, തന്റെ മതവിശ്വാസത്തിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട പൊതുജനസേവകൻ.

13. ശ്രീ.ഉമ്മൻ ചാണ്ടിയെ അനുകരിക്കുക ബുദ്ധിമുട്ടാണ്. പക്ഷേ, അദ്ദേഹത്തെ അവഗണിക്കുക അസാധ്യം. കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ അദ്ദേഹം എന്നും പൂർണ്ണ ശോഭയോടെ തിളങ്ങി നിൽക്കും.

**********